# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *521 — 02/07/2019 -ലെ മറുപടിക്ക്

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. റോജി എം. ജോൺ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ (ഡ്രിപ്പ്) നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് , ഡാമുകളുടെ പുനരുദ്ധാരണ പണികൾ , Institutional Strengthening, Project Management എന്നീ 3 Components ആണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യവികസനം , കാര്യക്ഷമത, എന്നിവ പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേയ്ക്കായി 360 കോടി രൂപയുടെ ഭരണാനുമതി 29/01/2016 ലെ സ.ഉ(കൈ). നം. 7/2016/ജ.വി.വ പ്രകാരം നൽകുകയുണ്ടായി. 2018 ജൂണിൽ അവസാനിക്കേണ്ടിയിരുന്ന DRIP പദ്ധതി രണ്ട് വർഷം കൂടി നീട്ടി 2020 ജൂണിൽ പൂർത്തീകരിക്കേണ്ടതാണ്. ഇതിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികളും എല്ലാ ഡാമുകളുടെയും സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>Institutional Strengthening ൽ തിരുവനന്തപുരത്തെ Dam Safety Head Quarters നിർമ്മാണവും കാര്യാലയത്തിന് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്ന |

| | | |
|---|---|---|
| | | തിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ നടത്താനുമുള്ള അനുമതിയും ഉൾപ്പെടുന്നു.<br>Project Management-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ (Physical and Financial) വാർഷിക പദ്ധതിയുടെ രൂപരേഖ നിർമ്മിക്കൽ, 3rd പാർട്ടി കൺസ്ട്രക്ഷൻ സൂപ്പർവിഷൻ, ഗുണമേന്മ ഉറപ്പുവരുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ഡാമുകളുടെ Emergency Action Plan (EAP), Operation and Maintenance Manual ട്രെയിനിംഗുകൾ എന്നിവ CWC നൽകുന്നു. ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് Dam Health And Rehabilitation Monitoring Application (DHARMA) എന്ന CWC യുടെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി തയ്യാറാക്കി വരുന്നു. ഇത് ഏകദേശം 80% പൂർത്തിയാക്കിയിട്ടുണ്ട്.<br>കൂടാതെ DRIP PHASE I ൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്ന (പമ്പ, മംഗലം, കാരാപ്പുഴ) പ്രവൃത്തികളും ബാക്കി ഡാമുകളും ഉൾപ്പെടുത്തി 165.9 കോടി രൂപയുടെ പുനരുദ്ധാരണ പ്രൊപ്പോസൽ DRIP PHASE II ഉൾക്കൊള്ളിക്കാൻ Central Water Commission ന് സമർപ്പിച്ചിട്ടുണ്ട്. ഇതിനു തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. നിർദ്ദേശങ്ങൾ നൽകാനുള്ള വിദഗ്ധരുടെ ഒരു പാനൽ (Dam Safety Review Panel) ന് സർക്കാരിൽ നിന്ന് അനുമതി നൽകിയിട്ടുണ്ട്. ടി സംഘം ഡാമുകൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ ഡാം ബ്രേക്കിംഗ് അനാലിസിസ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;<br>(സി) ഇത് അംഗീകാരത്തിനായി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) & (സി) | ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 16 ഡാമുകളിൽ 14 ഡാമുകളുടെ ഡാം ബ്രേക്ക് അനാലിസിസ് (Inundation Map) CWC നൽകിയതിൽ 8 ഡാമുകളുടെ (നെയ്യാർ, മലങ്കര, മലമ്പുഴ, കുറ്റ്യാടി, വാളയാർ, പോത്തുണ്ടി, വാഴാനി, പഴശ്ശി) കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 4 എണ്ണം കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചു. 4 എണ്ണം പൂർത്തിയായി സമർപ്പിക്കാൻ നടപടികൾ എടുത്തു വരുന്നു. 6 ഡാമുകളുടെ (പീച്ചി, ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, ചിറ്റൂർ, മീൻകര) EAP തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. നെയ്യാർ, മലങ്കര, മലമ്പുഴ, കുറ്റ്യാടി എന്നീ ഡാമുകളുടെ EAP ഡാം സേഫ്റ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി കേന്ദ്ര ജലകമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) സംസ്ഥാനത്തെ ഡാമുകളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ;വിശദമാക്കുമോ; | (ഡി) | നെയ്യാർ, കല്ലട, മലങ്കര, പെരിയാർവാലി, പീച്ചി, ചിമ്മിനി, ചുള്ളിയാർ, മണിയാർ, മലമ്പുഴ, വാഴാനി, കുറ്റ്യാടി എന്നിവയുടെ ഡ്രാഫ്റ്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. അവ കേന്ദ്രജലകമ്മീഷനിൽ സമർപ്പിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ബാക്കിയുള്ള 8 എണ്ണത്തിന്റെ (വാളയാർ, പഴശ്ശി, കാഞ്ഞിരപ്പുഴ, മീങ്കര, പോത്തുണ്ടി, മൂലത്തറ, കാരാപ്പുഴ, മംഗലം) ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ് . ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ്. |
| (ഇ) ഡാമുകളുടെ ജലനിരപ്പ് നിരന്തരം നിരീക്ഷണ വിധേയമാക്കുന്നതിനും അവ തുറന്ന് വിടുന്നതിന് മുമ്പ് വ്യക്തമായ മുന്നറിയിപ്പ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (ഇ) | ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ എല്ലാ ദിവസവും നിരന്തരമായി നിരീക്ഷിക്കുകയും വിശദമായ ജലനിരപ്പും ജലസംഭരണശേഷിയും രേഖപ്പെടുത്താറുമുണ്ട്. ഓരോ ഡാമുകളും പ്രവർത്തിക്കേണ്ട നിലവിലുള്ള രൂപരേഖ അനുസരിച്ചാണ് ഡാമുകൾ പ്രവർത്തിക്കുന്നത്. നിലവിലുള്ള രൂപരേഖ അനുസരിച്ച് ഓരോ ഡാമുകളിലും എത്ര അളവിൽ ജലം നിറയ്ക്കാവുന്നതാണെന്നും ഏതളവിൽ ജലം തുറന്നു വിടേണ്ടതാണെന്നുമുള്ള മാനദണ്ഡങ്ങൾ ഉണ്ട്. ഇതനുസരിച്ചാണ് ഡാമുകൾ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**